"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല - പറപ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ ക്ലാർക്ക് ശ്രീ.മുഹമ്മദ്.എ.പി -യുടെ അനധികൃതഹാജരില്ലായ്മ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.65/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:-

1. ശ്രീ.മുഹമ്മദ്.എ.പി സമർപ്പിച്ച 05.12.2019 ലെ അവധി അപേക്ഷ
2. പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2020ലെ എ2-718/2020 നമ്പർ നടപടിക്രമം
3. പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2020ലെ എ2-6827/18 നമ്പർ നടപടിക്രമം
4. മലപ്പുറം തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 13.02.2023ലെ DDP-MPM/1648/2021-D4 നമ്പർ നടപടിക്രമം
5. ശ്രീ.മുഹമ്മദ് എ പി സമർപ്പിച്ച 21.08.2024ലെ അവധി അപേക്ഷ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.12.2024ലെ LSGD/PD/10877/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.മുഹമ്മദ്.എ.പി യ്ക്ക് 31.01.2020 മുതൽ 25.02.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻറ പിൻബലമില്ലാത്ത ശൂന്യവേതനാവധി, 26.02.2020 മുതൽ 17/12/2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെയുള്ള ശൂന്യവേതനാവധി എന്നിവ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സഹിതം ലഭ്യമാക്കിയിട്ടുണ്ട്.

2. 24.12.2018 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.മുഹമ്മദ്.എ.പി, 20.01.2020 മുതൽ 19.01.2021 വരെയുള്ള കാലയളവിലേക്ക് പി.എസ്.സി/ജെ.ആർ.എഫ് പരീക്ഷകളുടെ പരിശീലനത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ടിയാന് അവധി അനുവദിച്ച് നൽകിയില്ല . എന്നാൽ ശ്രീ.മുഹമ്മദ്.എ.പി 31.01.2020 മുതൽ 18.12.2020 വരെ അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടു നിന്നതിനെ തുടർന്ന് ടിയാനെതിരെ അനധികൃത ഹാജരില്ലായ്മക്ക് അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം (4) പ്രകാരം അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതുമാണ്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് എ പി -ക്ക് പരാമർശം (2) പ്രകാരം 31.01.2020 മുതൽ 29.04.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നെങ്കിലും 20.01.2020 മുതൽ 19.01.2021 വരെയുള്ള കാലയളവിലേക്ക് പി.എസ്.സി/ജെ.ആർ.എഫ് പരീക്ഷകളുടെ പരിശീലനത്തിനായി ശൂന്യവേതനാവധിക്ക് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നതിനാൽ പരാമർശം (2) , പരാമർശം (3) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. കെ.എസ്.ആർ ഭാഗം 1 ചട്ടം 88 (ii) പ്രകാരം, മൂന്ന് വർഷത്തെ തുടർച്ചയായ സേവനമില്ലാത്ത ഉദ്യോഗസ്ഥന് ഒരു ഘട്ടത്തിൽ പരമാവധി 3 മാസം വരെ മാത്രമേ ശൂന്യവേതനാവധി അനുവദിക്കാനാവൂ. എന്നാൽ ശ്രീ. മുഹമ്മദ് എ.പി. 20-01-2020 മുതൽ 19-01-2021 വരെ പി.എസ്.സി. /ജെ.ആർ. എഫ്. പരീക്ഷകളുടെ പരിശീലനത്തിനായി ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിക്കുകയും, അവധി അനുവദിച്ചു കിട്ടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു. അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്കനടപടികൾ സ്വീകരിച്ച അവസരത്തിലാണ് ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നത്. അനധികൃത ഹാജരില്ലായ്മക്ക് ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ അനധികൃത ഹാജരില്ലായ്മ കാലയളവിൽ അപേക്ഷകന് കെ എസ് ആർ ഭാഗം I ചട്ടം 88 (ii) ഇളവ് വരുത്തി ശൂന്യവേനാവധി അനുവദിക്കുവാൻ കഴിയുകയില്ല. ആയതിനാൽ മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.മുഹമ്മദ്.എ.പി-യുടെ 31.01.2020 മുതൽ 17.12.2020 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് . മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,പറപ്പൂർ / തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.മുഹമ്മദ് എ പി , മുൻ ക്ലർക്ക് , പറപ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് (29.04.2025ലെ e-1668133/ഡെവ-1/17/2021-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.41/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 09-01-2026 10:56:41